**ഓം നമഃ ശിവായ**



**ഓം വിശ്വോദ്ഭവം സ്ഥിതിലയാഭിഷ്യ ഹേതുമേകം**
**ഗൗരീപതിം വിഭിതത്ത്വമനന്തകീർത്തിം**
**മായാശ്രയം വിഗതമായമചിന്ത്യ രൂപം**
**ബോധസ്വരൂപമമലം ഹി ശിവം നമാമി**

വിശ്വത്തിന്റെ സൃഷ്ടി, സ്ഥിതി, ലയം എന്നിവയുടെയെല്ലാം കാരണമായി വർത്തിക്കുന്നവനും, അദ്വയപരബ്രഹ്മമായിരിക്കുന്നവനും, ഗൗരീദേവിയുടെ പതിയും, തത്വങ്ങളെല്ലാം നല്ലതുപോലെ അറിയുന്നവനും, അന്തമില്ലാത്ത കീർത്തിയോട് (മഹാത്മ്യത്തോടി) കൂടിയവനും, മായയ്ക്ക് ആശ്രയമായിരിക്കുന്നവനും എന്നാൽ മായയിൽ നിന്ന് മുക്തനായിരിക്കുന്നവനും, സച്ചിദാനന്ദബോധസ്വരൂപനും, പരമപവിത്രനും ആയ ശിവനെ ഞാൻ പ്രണമിക്കുന്നു.

പ്രിയ ഭക്തജനങ്ങളേ,

പാലക്കാട് ജില്ലയിലെ പല്ലശ്ശന മുരുക്കുളിയിലുള്ള വിശാലമായ (5.36 ഏക്കർ) ഒക്കണാംകോട് കുളത്തിന് നടുവിൽ സ്ഥിതിചെയ്യുന്ന, ഏകദേശം 614 വർഷങ്ങളോളം പഴക്കമുള്ളതും കുതിരവട്ട സ്വരൂപത്തിന്റെ അധീനതയിലുണ്ടായിരുന്നതും ഇപ്പോൾ കുതിരവട്ടസ്വരൂപം പ്രദേശവാസികൾക്ക് വിട്ടുതന്നിട്ടുള്ളതുമായ **ശ്രീ ശിവക്ഷേത്രത്തിന്റെ പുനരുദ്ധാരണവും അഷ്ടബന്ധമഹാകുംഭാഭിഷേകവും** നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം ഏവരേയും സസന്തോഷം അറിയിച്ചുകൊള്ളുന്നു. ക്ഷേത്രം സ്ഥിതിചെയ്യുന്നത് കുളത്തിന് നടുവിലായതുകൊണ്ടും കുളത്തിലെ ജലം ക്ഷേത്രത്തിന്റെ ചുറ്റുമായതുകൊണ്ടും ഈ തീർത്ഥവും ക്ഷേത്രവും വളരെ ഐശ്വര്യമുള്ളതും പവിത്രവുമാണെന്നുള്ളതിന് വേറൊരു പ്രമാണവും ആവശ്യമില്ല. ഈ ക്ഷേത്രദർശനം ആത്മനിർവൃതിയും സായൂജ്യവും പ്രദാനം ചെയ്യുമെന്നതിന് സംശയമില്ല.

2013 ജൂൺ മാസത്തിൽ ക്ഷേത്രസന്നിധിയിൽ വെച്ച് ശ്രീ പാടൂർ രാധാകൃഷ്ണ പണിക്കർ, ശ്രീ പല്ലശ്ശേന പീതാംബര പണിക്കർ എന്നിവരുടെ നേതൃത്വത്തിൽ അഷ്ടമംഗലപ്രശ്നം നടത്തുകയും ചാർത്തിൽ പറഞ്ഞപ്രകാരം ക്ഷേത്രതന്ത്രി ബ്രഹ്മശ്രീ മാപ്രാണം അണിമംഗലത്ത് മന ശ്രീവല്ലഭൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ വിവിധ പരിഹാര ക്രിയകൾ നടത്തുകയും ചെയ്തു.

ശ്രീ പരമശിവൻ സ്വേച്ഛയാ നിർധനനാണ് എന്നാൽ സർവ്വസമ്പത്സമൃദ്ധിയുടേയും ഉടമയാണ്. ക്ഷിപ്രപ്രസാദിയായ മഹാദേവൻ നിങ്ങൾക്കേവർക്കും ആയുരാരോഗ്യ സമ്പത്സമൃദ്ധി പ്രദാനം ചെയ്യും എന്നതിന് സംശയമില്ല.

മേൽപറഞ്ഞ ബൃഹത് ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾക്കും, കുംഭാഭിഷേകത്തിനും കൂടി നല്ലൊരു തുക ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഓരോ ഭക്തജനങ്ങളും പ്രത്യേകിച്ച് പ്രദേശവാസികൾ നിസ്സീമമായി സഹായ സഹകരണങ്ങൾ നൽകി ശ്രീ പാർവ്വതി-പരമേശ്വരന്റെ കൃപാകടാക്ഷങ്ങൾക്ക് പാത്രീഭൂതരാകുവാൻ വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഭക്തജനസമക്ഷം സമർപ്പിക്കുന്നു.

ക്ഷേത്രത്തിന്റെ പ്ലാൻ ഇതിൽ കൊടുത്തിട്ടുണ്ട്. പ്രത്യേക ഐറ്റങ്ങളുടെ എസ്റ്റിമേറ്റും ചേർത്തിട്ടുണ്ട്, ഇതിൽ ഏതാണ് സമർപ്പണം ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് സംഭാവന തരുന്നതോടൊപ്പം ഞങ്ങളെ അറിയിക്കുവാൻ താല്പര്യപ്പെട്ടുകൊള്ളുന്നു. 5000 രൂപയോ അതിനു മുകളിലുള്ള തുകയോ സംഭാവന ചെയ്യുന്ന ഭക്തജനങ്ങളുടെ/സംഘടനയുടെ പേരു വിവരങ്ങൾ ക്ഷേത്രത്തിൽ പ്രത്യേകമായി രേഖപ്പെടുത്തുന്നതാണ്. കുംഭാഭിഷേക വിവരങ്ങളടങ്ങിയ നോട്ടീസ് പിന്നീട് പ്രസിദ്ധീകരിക്കുന്നതായിരിക്കും.

ശിവക്ഷേത്ര പുനരുദ്ധാരണ കമ്മിറ്റി,